തുടങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ പുതിയ മാർഗ്ഗരേഖകളും പഴയവയ്ക്ക് ആവശ്യമായ സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) 98-99 ലെ പദ്ധതി നിർവഹണത്തിൽ വീഴ്ച വരുത്തിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 31.3.1999 വരെയുള്ള പദ്ധതി ചെലവ് മൊത്തം അനുവദിച്ച (ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള) തുകയുടെ 75 ശതമാനത്തിൽ താഴെയാണെങ്കിൽ കുറവായത്രയും തുക നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും കുറവു ചെയ്യുന്നതാണ്.

(ഇ) പദ്ധതി നിർവഹണത്തിൽ സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

22 (*142) പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ

ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൻകിട വ്യവസായശാലകൾ പൂട്ടിക്കിടപ്പുണ്ട്; അവ ഏതെല്ലാം;

(ബി) ഇവ തുറക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തു;

(സി) ഇവ എന്നത്തേയ്ക്ക് തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി)

1. വൈഗയ് ത്രെഡ്സ് തുറക്കാൻ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

2. കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് കെമിക്കൽസ് ലിമിറ്റഡ് യു.എൻ.ഡി.പി. പദ്ധതി അനുസരിച്ചുള്ള പഠന റിപ്പോർട്ട് മൂന്നുമാസത്തിനകം പ്രതീക്ഷിക്കുന്നു.

3. അലിൻഡ്, കുണ്ടറ - പുതിയ പ്രമോട്ടറെ കണ്ടെത്തി റിവൈവൽ പാക്കേജ് പരിശോധിച്ചു വരുന്നു.

4. പുനല്ലൂർ പേപ്പർ മിൽസ് പുതിയ പ്രൈമോട്ടറെ കണ്ടെത്തി റിവൈവൽ പാക്കേജ് ചർച്ച ചെയ്തുവരുന്നു.

5. പ്രീമിയർ കേബിൾസ് - പുതിയ പ്രൈമോട്ടറെ കണ്ടെത്താനുള്ള ശ്രമം നടന്നുവരുന്നു.

6. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ ലിമിറ്റഡ് ഇപ്പോൾ ലേ ഓഫിലാണ്.

207/2010.

LIBRARY ARCHIVES Kerala Legislative Assembly

7. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് - ഇപ്പോൾ ലേ-ഓഫീസിലാണ്. പുനരുദ്ധാരണ പദ്ധതി പരിശോധിച്ചു വരുന്നു.

8. എ.ബി.എൻ. ഗ്രാനൈറ്റ്സ് എറണാകുളം - പുനരുദ്ധാരണ നടപടികൾ എടുത്തുവരുന്നു.

9. ട്രെൻഡ് ഡിസൈൻസ് ലിമിറ്റഡ്, എറണാകുളം- പുനരുദ്ധാരണ നടപടികൾ എടുത്തുവരുന്നു.

10. തിരുവേപ്പതി - കണ്ണൂർ - പുനരുദ്ധാരണ നടപടികൾ എടുത്തുവരുന്നു.

വിവിധ കാരണങ്ങളാൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് മാനേജ്മെന്റിന്റെയും തൊഴിലാളികളുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിവിധ ഏജൻസികളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും യോജിച്ചുള്ള നടപടികൾ ആവശ്യമാണ്. ആയതിനാൽ എന്നത്തേയ്ക്ക് തുറന്നു പ്രവർത്തിക്കുവാൻ കഴിയുമെന്ന് കൃത്യമായി പറയാനാവില്ല.

23 (*143) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതികൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇത്തരം വിദഗ്ദ്ധ സമിതികളെ നിയമിക്കുന്നത് ആരാണ്;

(സി) ഈ സമിതികൾക്ക് സ്റ്റാറ്റ്യൂട്ടറി പിൻബലമുണ്ടോ; ഇല്ലാത്ത പക്ഷം ഇവയെ എന്തടിസ്ഥാനത്തിലാണ് നിലനിർത്തിയിരിക്കുന്നത്;

(ഡി) ഇവയെ നിലനിർത്തുന്നതിനെതിരെ ഏതെല്ലാം രാഷ്ട്രീയകക്ഷികൾ പ്രതിഷേധം അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ത്രിതല പഞ്ചായത്തുകൾക്ക് ഏതെങ്കിലും വിഷയത്തിൽ വിദഗ്ദ്ധാഭിപ്രായം ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട വിഷയത്തിൽ വൈദഗ്ദ്ധ്യം ഉള്ളവരുടെ ഉപദേശം ലഭിക്കാൻ ഉതകുന്ന വ്യവസ്ഥ പഞ്ചായത്ത് രാജ് - നഗരപാലികാ നിയമങ്ങളിലുണ്ടോ;

(എഫ്) എങ്കിൽ ഈ വ്യവസ്ഥ പ്രകാരം പ്രവർത്തിക്കാനുള്ള സൗകര്യം നൽകാതെ വിദഗ്ദ്ധസമിതികളെ നിയമിക്കുന്നതെന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ജി) വിദഗ്ദ്ധ സമിതികളെ പിരിച്ചുവിടുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

LIBRARY ARCHIVES Kerala Legislative Assembly